# TECHGYAN

# TECHGYAN







# താളുകൾ മറിയ്ക്കുമ്പോൾ

ആമുഖം....3
മംഗൾയാൻ....7
മംഗളയാനം....8
ഹയ്യോ ,എബോള....9
ഗലീലിയോയ്ക്ക് തെറ്റുപറ്റിയോ?....12
LIFE IS....13
BEAUTIFUL....13
THE10....14
COMMANDMENTS....14
അർബുദത്തെ നേരിടാൻ സപ്പോട്ട....15
നല്ലവനായ അച്ചു....17
സ്വഭാവം ജീവിതത്തെ സംരക്ഷിക്കും....18
ഇതാ ചൊവ്വ....20
Audacity....21
TRACKING DISEASES....22
കലിയുഗം....23
ശാസ്ത്രറപ്പുതുമ....24
കംപ്യൂട്ടർ പാപ്പാൻ....24
വിശ്വം ദീപമയം....25
Taj Mahal....27
ലഹരിയെന്ന ആപത്ത്....28
കരൾ (Liver)....29
കണക്ക്,കബ്യൂട്ടർ....30
ബഹിരാകാശഗവേഷണം ഇന്ത്യയിൽ....31
ഡോ. എ. പി.ജെ. അബ്ദുൽകലാം....32
അണിയറ ശിൽപികൾ....33
അണിയറ ശിൽപികൾ....34

# ആമുഖം

ലോകമെങ്ങും ആഗോളവൽക്കരണത്തെയും യുദ്ധങ്ങളുടെയും രോദനങ്ങൾ ആണ് ഇന്ന് ഉയർന്നുകേൾക്കുന്നത് ബന്ധങ്ങൾ ബന്ധങ്ങളായി മനുഷ്യർ നിർവികാരരായി. യാന്ത്രികമായി തന്നിലേക്കുതന്നെ ഒതുങ്ങി കൂടുന്ന ഈ കാലഘട്ടത്തിൽ ശാസ്ത്രസാങ്കേതിക നേട്ടത്തിലൂടെ വിസ്മയങ്ങൾ സ്രഷ്ടിക്കാൻ പ്രാപ്തമായ പുതു തലമുറ വളർന്നുവരുന്നു എന്നത് ആശ്വാസകരമാണ്.

വൈവിധ്യമുള്ള രചനകളും പ്രവർത്തനങ്ങളും ഉൾക്കൊള്ളിച്ചുകൊണ്ട് രൂപപ്പെടുത്തിയ ഈ മാഗസിൻ വിപുലവും വിശാലവുമായ വിജ്ഞാനസരണികൾ നിങ്ങൾക്കുമുമ്പിൽ തുറന്നിടുന്നു.



## ശ്രീ. എ. പി. ഉണ്ണി. എഴുത്തച്ഛൻ
(സ്ഥാപക മാനേജർ-ശാന്ത ഹയർസെക്കൻഡറി സ്കൂൾ)

ശാന്തഹയർസെക്കൻഡറി സ്കൂളിലെ സ്റ്റാഫിനും വിദ്യാർഥികൾക്കും സമൂഹത്തിനും കർമ്മ പഥങ്ങളിൽ വഴികാട്ടിയായിരുന്ന 16-2-1997 ൽ നമ്മെ വിട്ടുപിരിഞ്ഞ യശ:ശരീരനായ മുൻ മാനേജർ ശ്രീ.എ പി ഉണ്ണി എഴുത്തച്ഛൻ അവർകളുടെ പാവനസ്മരണയ്ക്ക് മുമ്പിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

(ലിറ്റിൽ കൈറ്റ്സ് യൂണിറ്റ്)



ഡോ. എ. ശാന്തകുമാരി
മാനേജർ






ശ്രീമതി. എം കെ ഷൈനി
പ്രിൻസിപ്പാൾ

ശ്രീമതി.സി.ബി. മിനി
ഹെഡ്മിസ്ട്രസ്

**50-ന്റെ നിറവിൽ ആയിരക്കണക്കിന് വിദ്യാർത്ഥികൾക്ക് അക്ഷരജ്ഞാനത്തിന്റെ പ്രഭചൊരിഞ്ഞ ശാന്ത.എച്ച്.എസ്.എസിന്റെ ആദ്യ സംരംഭമായ 'ഇ- മാഗസിന്' എല്ലാവിധ ഭാവുകങ്ങളും നേരുന്നു.**

# മംഗൾയാൻ

മംഗൾയാൻ ഒരു കുതിപ്പാണ്.ബ-
ഹിരാകാശ പഠന ചരിത്രത്തിലേ-
ക്കുള്ള മുന്നേറ്റം ദോഷത്തിന് കാ-
രണമായി കണ്ടിരുന്ന ഒരു ഗ്രഹ-
ത്തെ ശാസ്ത്രനേട്ടങ്ങളുടെയും പരീ-
ക്ഷണങ്ങളുടേയും ലക്ഷ്യസ്ഥാനമാ-
യി കാണുന്നതിലേക്കുള്ള രാജ്യ-
ത്തിന്റെ വളർച്ച നിസാരമല്ല. പല-
തു കൊണ്ടും പഠനാർഹമായ ഗ്രഹ-
മാണ് ചൊവ്വ. സൗരയൂഥത്തിന്റെ
രൂപീകരണത്തെക്കുറിച്ചുള്ള ശരി-
യായ കണ്ടെത്തലിലേക്ക് നയി-
ക്കാൻ ഈ പഠനങ്ങൾ ഉപകരി-
ക്കും.പ്രപഞ്ചത്തിൽ നാം തനിച്ചാ-
ണോ? എന്ന ചോദ്യത്തിന് ഉത്ത-
രം തേടാനുള്ള ശ്രമങ്ങൾക്ക് മംഗ-
ൾയാൻ കരുത്തുപകരും ആധുനിക

പംനങ്ങളിലൂടെ പ്രപഞ്ചത്തിന്റെ -

അഗാധതകൾവരെ കാണാനും മറ്റു-

ഗ്രഹങ്ങളുടെ ഉപരിതലം സൂക്ഷ്മമാ-

യി നിരീക്ഷിക്കാനും താപനില

അന്തരീക്ഷഘടന മുതലായവ

മനസിലാക്കാനും കഴിഞ്ഞു.ഇതോ-

ടെ ഭൗമേതര മനുഷ്യൻ എന്ന

സങ്കൽപം ഇല്ലാതായി ശാസ്ത്രയമാ-

യി നിർവചിക്കപ്പെട്ട ജീവന്റെ

അടിസ്ഥാന കണികകൾ ഉണ്ടോ,

മുമ്പെപ്പോഴെങ്കിലും സൂക്ഷ്മസസ്യ-

ങ്ങളും സൂക്ഷ്മജീവികളും ഉണ്ടായി-

രുന്നോ എന്ന അന്വേഷണത്തിലാ-


ണ് ശാസ്ത്രലോകം.

# മംഗളയാനം


ഇന്നലെ എത്തി ചൊവ്വയിൽ
ഞാൻ
എങ്ങും ശൂന്യത എതിരേറ്റു
വെയിലിൽ കത്തും കനൽപോലെ
മണലിൽ കൂനകൾ കണ്ടു ഞാൻ
ചുറ്റിലുമുണ്ട് കരിമ്പാറ
വറ്റിവരണ്ട ഒരു മണ്ണ് എന്നാൽ
പെട്ടെന്നല്ലോ കണ്ടു ഞാൻ
വറ്റിയ ചാലിൽ പാടൊന്ന്
വറ്റിപ്പോയത് പുഴയാണോ
പുഴയാണെങ്കിൽ പണ്ടിവിടെ
പൂത്തുതളിർത്തിടുണ്ടാവും ഇവിടെ
മലരും മണവും ജീവിതവും
മണ്ണിൽ ശലഭ ക്കനവുകലും.


## ഹയ്യോ ,എബോള

എബോളയെന്ന മാരകമായരോഗം ലോകത്ത് വിവിധ രാജ്യങ്ങളിൽ പടർന്ന് പിടിച്ചു മരണം വിതയ്ക്കുകയാണ്. രോഗബാധിതരെ രക്ഷിക്കാൻ ശരിയായ ചികിത്സ ഇല്ല. ഈ പ്രതിസന്ധി നേരിടാൻ ലോകാരോഗ്യസംഘടന(WHO) ആഗോള അടിയന്തരാവസ്ഥ പ്രഖ്യാപിച്ചിരിക്കുന്നു. രോഗപ്പകർച്ച നിയന്ത്രിക്കുകയാണ് ലക്ഷ്യം. മാരകമായ ഈ രോഗം ഇന്ത്യയിൽ ഇതുവരെ കണ്ടെത്തിയതായി റിപ്പോർട്ടില്ല.







ചാൾസ് ബാബേജ്
(Father of Computer)

## ഗലീലിയോയ്ക്ക് തെറ്റുപറ്റിയോ?



പിസായിലെ (ഇറ്റലി) ചരിഞ്ഞ ഗോപുരം മുകളിൽനിന്നും ഗലീലിയോ വിവിധ വലിപ്പമുള്ള രണ്ടു ഗോളങ്ങൾ താഴേക്കിട്ടു നടത്തിയ പരീക്ഷണത്തിന് കഥ കേട്ടിരിക്കുമല്ലോ? ഇത് വെറും കഥ ആയിരിക്കാനാണ് സാധ്യത. എന്തായിരുന്നു ഗലീലിയോ സമർഥിക്കാൻ ശ്രമിച്ചിരുന്നത്? തുല്യതാ നിയമം അഥവാ ഇക്വിവാലൻസ് പ്രിൻസിപ്പൽ എന്താണെന്ന് പറയുവാനാണ് ഈ കഥ ഉപകരിക്കുന്നത്.

ഭൂമി രണ്ടു വസ്തുക്കളുടെ മേൽ പ്രയോഗിക്കുന്ന ഗുരുത്വാകർഷണബലം തുല്യമാണെന്നും ആകർഷണബലം ആ വസ്തു എന്തിനാണെന്നതിനെ ആശ്രയിച്ചിട്ടില്ലെന്നുമാണ് തുല്യതാ നിയമം.

എന്നാലിപ്പോൾ ഊർജ്ജ ശാസ്ത്രജ്ഞർ പറയുന്നത്ഗുരുത്വാകർഷണബലം എന്താണെന്ന് അതിനെയും ആശ്രയിച്ചിരിക്കും എന്നാണ്. അതായത് ഒരു ഇരുമ്പ് കഷ്ണത്തെ യും ഒരു പ്ലാസ്റ്റിക് സ്പൂണിനെയും ഒരു ബലത്തോടെ എല്ലാ ഭൂമി ആകർഷിക്കുന്നതെന്ന് സാരം. ഇന്നത്തെ ഊർജ്ജതന്ത്രത്തെ തന്നെ തകിടം മറിച്ചേക്കാവുന്ന ഈ വസ്തുത പരീക്ഷണങ്ങളിലേക്ക് നയിച്ച 3

ഉപഗ്രഹങ്ങളാണ് 'വൈക്രോസ്കോപ്പ്' 'സ്റ്റെപ്പ്' 'ഗലീലിയോ' എന്നിവ.



# LIFE IS BEAUTIFUL




*Life is Hard*
*Live IT*
*Life is A Game*
*Play IT*
*Life is A challenge*
*Overcome IT*
*Life is A Puzzle*
*Solve IT*
*Life is A Sorrow*
*Live IT*
*Life is a song*
*Sing IT*
*Life is a Journey*
*Travel in IT*
*Life is A Bell*
*Hear IT*
*Life is a dream*
*Enjoy IT*

**LIFE IS BEAUTIFUL**

# THE10 COMMANDMENTS

# OF




## 1.SPEAK TO PEOPLE

There is nothing as nice as a chearful greeting

## 2.SMILE

it takes 72 muscles to frown only 14 to smile

## 3.CALL PEOPLE BY NAME

Every one is pleased when you remember their name

## 4.BE FRIENDLY & HELPFUL

and others will respond in like a manner

## 5.SPEAK & ACT

As if everything you do were a genuine pleasure

## 6.BE GENUINELY

Interested in people....

## 7.BE GENEROUS

With praise caution with criticism

## 8.BE THOUGHTFUL

OF the opinions of others, there are 3 sides to any.....

## 9.CONTROVERSY

Your, the other persons & the right one?....

## 10.BE WILLING

TO give service, when counts most in life is what we do for others......

# അർബുദത്തെ നേരിടാൻ സപ്പോട്ട




സപ്പോട്ട മരത്തിന് അർബുദത്തെ പ്രതിരോധിക്കാൻ ശേഷിയുണ്ടെന്ന് മലയാളി ശാസ്ത്രജ്ഞർ കണ്ടെത്തി.

ഇന്ത്യൻ ഇൻസ്റ്റിയൂട്ട് ഓഫ് സയൻസിൽ ബയോകെമിസ്ട്രി വിഭാഗത്തിൽ അസോസിയേറ്റ് പ്രൊഫസറും പയ്യന്നൂർ വെള്ളോറ സ്വദേശിയുമായ ഡോക്ടർ സതീഷ് സി രാഘവൻ ഗവേഷണ ഫലമാണ് നേച്ചർ മാസികയുടെ

സയൻറിഫിക് റിപ്പോർട്ട് പ്രസിദ്ധീകരിക്കുന്നത്. 2013 ലെ ശാന്തിസ്വരൂപ് ഭട്നഗർ ശാസ്ത്ര പുരസ്കാരം ജേതാവ് കൂടിയാണ് സതീഷ്. സപ്പോട്ട എന്നും ചിക്കു എന്നും അറിയപ്പെടുന്ന ചില രാസപദാർത്ഥങ്ങൾ (ഫൈറ്റോ കെമിക്കൽസ്) കോശങ്ങളിൽ അർബുദം പടരുന്നതിനെ പ്രതിരോധിക്കുന്നതിനുള്ള കഴിവുണ്ടെന്നു ഡോക്ടർ സതീഷും സംഘവും തെളിയിച്ചു. അർബുദം ബാധിച്ച എലികളിൽ നടത്തിയ പരീക്ഷണങ്ങളിൽ അവയുടെ ആയുസ്സ് നാലുമടങ്ങ് കൂടിയതായി കണ്ടെത്തി.

അർബുദം ബാധിച്ച കോശങ്ങൾ നശിക്കുന്നത് ആയും പരീക്ഷണങ്ങളിൽ തെളിയിച്ചു.

ഭാരതീയ ചികിത്സാ രീതികളിൽ ഉദര, ശ്വാസകോശ സംബന്ധമായ രോഗങ്ങൾക്ക് സപ്പോട്ട ഉപയോഗിക്കുന്നുണ്ട്. മാണിൽ കാരാകൗകി, മാണിൽ കാരാ സപ്പോട്ട തുടങ്ങിയ ശാസ്ത്രീയനാമത്തിൽ അറിയപ്പെടുന്ന സപ്പോട്ട കേരളത്തിലെ മണ്ണിൽ വളരുന്ന നിത്യഹരിത വൃക്ഷങ്ങളിൽ ഒന്നാണ്.



LINUX TOLVALD



RICHARD STALLMAN

# നല്ലവനായ അച്ചു

ഒരു കുളത്തിലായിരുന്നു അച്ചു ആമയുടെ താമസം. കുളക്കരയിലെ മാളത്തിൽ കിച്ചു എന്നൊരു മുയൽ അച്ചനും താമസിച്ചിരുന്നു.

ഒരുദിവസം അച്ചു ആമ കിച്ചു മുയലി നോട് ചോദിച്ചു ;"കിച്ചു നീ എൻറെ കൂടെ കളിക്കാൻ വരുന്നോ"?

ഇതുകേട്ട് കിച്ചു പൊട്ടിച്ചിരിച്ചുകൊണ്ട് കളിയാക്കി ഹ ഹ ഹ.

"മെല്ലെമെല്ലെ നടക്കുന്ന നിൻറെ കൂടെ മിന്നൽവേഗത്തിൽ ഓടുന്ന ഞാൻ കളിക്കാനോ? നീ വേറെ ആളെനോക്ക്"

ഇതുകേട്ട് അച്ചു വിഷമത്തോടെ കുളത്തിലിറങ്ങി പെട്ടെന്നാണ് കരയിൽനിന്ന കിച്ചു മുയൽ ആ കാഴ്ച കണ്ടത് ഒരു കുറുക്കൻ തന്നെ പിടിക്കാൻ പാഞ്ഞുവരുന്നു 'ഹയ്യോ' രക്ഷിക്കണേ കിച്ചു നിലവിളിച്ചു ഇതുകേട്ട് അച്ചു ആമ വിളിച്ചുപറഞ്ഞു കിച്ചു വേഗം വെള്ളത്തിലേക്ക് ചാടിക്കോ ഞാൻ രക്ഷിക്കാം.

കിച്ചു മുയൽ വെള്ളത്തിലേക്ക് ഒറ്റച്ചാട്ടം 'ബ്ളും' വെള്ളത്തിൽ മുങ്ങിപ്പോയ അവനെ അച്ചുആമ പുറത്തു കയറ്റി.
ഇതുകൊണ്ട് കുറുക്കൻ ഇളിഭ്യനായി പോയി അച്ചമ്മയുടെ തിരിക്കുമ്പോൾ കിച്ചു മുയൽ പറഞ്ഞു അച്ചു നീ എത്ര നല്ലവനാ നിന്നെ ഞാൻ കളിയാക്കിയും നീ എന്നെ രക്ഷിച്ചില്ലേ ഇനി നമുക്ക് നല്ല ചങ്ങാതിമാരായി കഴിയാം ഇതുകേട്ട് അച്ചുവിനെ സന്തോഷമായി.

## സ്വഭാവം ജീവിതത്തെ സംരക്ഷിക്കും

സ്വഭാവം ജീവിതത്തെ സംരക്ഷിക്കും എന്ന പ്രസ്താവന വളരെ ശരിയാണ്. നാം മനുഷ്യർക്ക് വളരെ നല്ല സ്വഭാവം ഉണ്ടെങ്കിൽ അവരുടെ ജീവിതം പൂർണമായും സംരക്ഷിക്കപ്പെട്ടിരിക്കുന്നു. ഒരു നല്ല സ്വഭാവമുള്ള വ്യക്തിക്ക് നല്ല ഒരു സമൂഹം വാർത്തെടുക്കാൻ സാധിക്കും എന്നാൽ എല്ലാവർക്കും നല്ല സ്വഭാവം ഉണ്ടാകില്ല എന്നതും ഒരു യാഥാർത്ഥ്യം ആണ്. ഒരു നല്ല സ്വഭാവക്കാരന് ജീവിതത്തിൽ ഉണ്ടാകുന്ന പ്രതിസന്ധികളെ നല്ലരീതിയിൽ കൈകാര്യം ചെയ്യുവാൻ വിവിധതരത്തിലുള്ള കുരുക്കുകളിൽ പെടാതെയും കള്ളത്തരങ്ങൾ ചെയ്യാതിരിക്കാനുള്ള കഴിവും ബുദ്ധിപൂർവ്വം കാര്യങ്ങൾ കൊണ്ടുപോകാനുള്ള കഴിവുകൾ ഉണ്ടായിരിക്കും നല്ല സ്വഭാവം ഉള്ള വ്യക്തിക്ക് നല്ല ഗുണങ്ങളും ഉണ്ടായിരിക്കും എന്നത് ഉറന്ന സത്യമാണ്

മറ്റുള്ളവർ നമ്മുടെ മൂല്യം നിർണ്ണയിക്കുന്നത് നമ്മുടെ സ്വഭാവത്തെ ആശ്രയിച്ചാണ് .

അതുകൊണ്ടുതന്നെ നല്ല സ്വഭാവം നമ്മുക്ക് മറ്റുള്ളവരുടെ സ്നേഹത്തിനും അനുഗ്രഹത്തിനും അനുക്കമ്പയ്ക്കും


ഉടമകൾ ആക്കും . മാത്രമല്ല ഒരു നല്ല സ്വഭാവ ഗുണമുള്ള വ്യക്തിക്ക് സമൂഹത്തിൻറെ മുഴുവൻ പിൻബലവും ഉണ്ടാകും.

ഒരു നല്ല സ്വഭാവം ഇല്ലാത്ത വ്യക്തിക്ക് സമാധാനവും സന്തോഷവും ജീവിതത്തിൽ ഉണ്ടാകില്ല. കാരണമെന്തെന്നാൽ നല്ല സ്വഭാവം ഇല്ലാത്ത വ്യക്തിയുടെ മനസിലും ചിന്തകളിലും പ്രവർത്തികളിലും ചീത്ത കാര്യങ്ങൾ മാത്രമേ

ഉണ്ടാക്കുക. അവർ പല കാര്യങ്ങൾക്കും കുറുക്കു വഴികൾ ഉപയോഗിച്ചാണ് ചെയ്യുക. സ്വന്തം നിലനിൽപ്പിനുവേണ്ടി ഇക്കൂട്ടർ എന്തു വലിയ തെറ്റുകളും ചെയ്യും. ഇത്തരക്കാർ മറ്റുള്ളവരെ കുറിച്ചോ താൻ ജീവിക്കുന്ന സമൂഹത്തെ കുറിച്ചോ ഒന്നുതന്നെ ചിന്തിക്കുകയില്ല. തെറ്റുകളിൽനിന്ന് തെറ്റുകളിലേക്ക് ആയിരിക്കും ഇവർ നീങ്ങുക . ഇതെല്ലാം അവരുടെ ജീവിതത്തെ അഗാധമായ രീതിയിൽ ബാധിക്കും. ചീത്ത സ്വഭാവക്കാരുടെ ജീവിതം സുരക്ഷിതവും ആയിരിക്കില്ല. അവരുടെ പ്രവർത്തികൾ അവരുടെ ജീവിതത്തെയും ബാധിക്കും. സ്വന്തം ജീവിതം അവർ തന്നെ നശിപ്പിക്കുകയാണ് ഇത്തരക്കാർ ചെയ്യുന്നത്. അല്ലാതെ ഒരു ഗുണം ഇത്തരക്കാർക്ക് ലഭിക്കുന്നില്ല എന്ന യാഥാർഥ്യം നാം മനസിലാക്കണം.


ഇന്നത്തെക്കാലത്ത് മനുഷ്യനെ അക്രമവാസന കൂടിവരുകയാണ്. തുടർന്നു സംഭവിക്കുന്ന ബോംബ് സ്ഫോടനങ്ങൾ എത്ര ആളുകളുടെ ജീവിതമാണ് അപഹരിക്കുന്നത്. പണത്തിന് വേണ്ടി ഒരാളുടെ കൈയോ , കാലോ അയ്യാളുടെ തലയോ ,ജീവനോ വരെ എടുക്കാൻ തയാറായി നിൽക്കുന്ന ഒരുകൂട്ടം ജനങ്ങളാണ് ഇന്ന് സമൂഹത്തിൽ വളർന്നുവരുന്നത്. സ്വന്തം സഹോദരങ്ങളെയും മാതാപിതാക്കളെയും സ്വത്തിനുവേണ്ടി കൊല്ലാൻ വരെ മടി കാണിക്കാത്തവരാണ് ഇന്നത്തെ മനുഷ്യൻ. കാലത്തിനൊത്ത് സ്വഭാവത്തിലും വളരെയേറെ മാറ്റങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുന്നു. എന്നാൽ മാറ്റം നല്ല മാറ്റമല്ല എന്നതാണ് സത്യം.

സ്വന്തം ശത്രുവിനെ പോലും സ്നേഹിക്കണം എന്നുപറഞ്ഞ ഗാന്ധിജിയുടെ വാക്കുകൾ എല്ലാം മൺമറഞ്ഞ് പോയോ? മുതിർന്നവരായിട്ടും പല കാര്യങ്ങളിലും വിവേകമായി പ്രവർത്തിക്കാതെ അവസ്ഥ, വീടുകളിലിൽ എന്നും വഴക്കും ബഹളവും- ചെറിയ കുഞ്ഞുങ്ങളുടെ വരെ സ്വഭാവത്തെ ഇത് ബാധിക്കും എന്നുപോലും നാം ചിന്തിക്കുന്നില്ല .



LAN MOUDROCK (FATHER OF DEBAIN)

# ഇതാ ചൊവ്വ



**അന്തരീക്ഷം**

ചൊവ്വയുടെ അന്തരീക്ഷം വളരെ നേർത്തതാണ് അതിൻറെ സാന്ദ്രത ഭൂമിയുടെ അന്തരീക്ഷത്തിൻേറ 1/100 മാത്രം

**അകക്കാമ്പ്**

**ഉപരിതല പാളി**

**മാൻെറിൽ**

**ഭൂമി**

നൈട്രജൻ :78 ശതമാനം

ഓക്സിജൻ :21 ശതമാനം

മറ്റുള്ളവ :1 ശതമാനം

**ചൊവ്വ**

നൈട്രജൻ :27

ആർഗൺ :1.6

ഓക്സിജൻ :0.13

$CO_2$ :95.32

CO :0.08

ചൊവ്വയുടെ മണ്ണിൽ ഇരുമ്പിനെ സംയുക്തങ്ങൾ ഏറെയുള്ളത് കൊണ്ട് ഗ്രഹം ചുവപ്പു നിറത്തിൽ കാണപ്പെടുന്നത്

## Audacity

Dominic Massoni and Roger D annenberg developed an open source audio editor software in the year 1999 as part of their research project. Even though it was a venture of two persons, now almost a hundred volunteer developers including twelve main developers are working behind this wonderful audio editing software. Since audacity is distributed under GNU GPL (GNU General public License), anyone can use and modify it freely. Audacity versions are available in all leading operating systems like microsoft windows, mac OS, GNUM / Linu and  you can freely download its versions.

# TRACKING DISEASES

*Ten diseases are hidden here can you tind them all*

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| B | Z | U | A | S | T | H | M | A | Y | M |
| W | H | C | N | C | O | I | J | V | F | E |
| D | I | A | R | R | H | O | E | A | P | A |
| I | B | R | O | N | C | H | I | T | I | S |
| A | H | T | D | U | G | S | V | Q | Z | L |
| B | U | O | J | A | U | N | D | I | C | E |
| E | C | N | H | F | L | T | U | G | Y | S |
| T | O | A | S | E | C | N | Z | I | U | J |
| E | U | T | K | D | E | A | U | N | D | I |
| S | G | D | Y | A | R | H | E | U | M | A |
| C | H | I | C | K | E | N | P | O | X | T |

## കലിയുഗം

പ്രകൃതിദേവി നമിക്കുന്നു നിന്നെ ഞാൻ
എന്നച്ഛൻ മൊഴിഞ്ഞു തന്ന സ്മരണകളിൽ
അന്നു നീ സുന്ദരി ഇന്നോ നീയൊരു വിരൂപി
അത് നിൻറെ കുറ്റമല്ല, പിന്നെ ആരുടെ
എങ്ങിനെ എന്തിൻറെ കാരണത്താൽ നീയങ്ങനെ
ഭവിച്ചു, അറിയുന്നത് എല്ലാവരും പക്ഷേ
രക്ഷയില്ലെന്ന് അറിയാൻ വൈമനസ്യം കാട്ടുന്നു
അല്ലാതെ നിവൃത്തിയില്ല എന്നോതുവാൻ
എന്തെളുപ്പം
ദേവന്മാർ ദേവഗണങ്ങൾ ഉണർത്തിക്കുന്നു
ഈ സത്യം ഇന്ദ്ര സദസ്സിൽ അവരുണരുന്നു
പ്രവേശിക്കുവാൻ
വിഷ്ണു സന്നിധിയിൽ ഇനിയും
അവിടെയാണ് ദേവഗണങ്ങൾ
കാണുന്നതെങ്കിലും
കലഹിക്കുന്നു കാലത്തിൻ നാഥൻ
അനന്തനും ആയി അല്ല
ആവില്ലെനിക്ക് അങ്ങയെ താങ്ങുവാൻ ഈ
പാലാഴിയിൽ, ഇവിടെയെല്ലാം വന്ന
അടിഞ്ഞിരിക്കുന്ന ഇതു കോഴി തൻ
വേസ്റ്റും ഉപഭോഗം കഴിഞ്ഞ എറിയും
പ്ലാസ്റ്റിക്കുകളും
ഇതറിയുന്ന ഒരു ദേവ ഗണങ്ങൾ
തിരയുന്നു വന്ന മാർഗം ശപിക്കുന്നു
ഭൂമിതന്നുടെ ശാപത്തെ മാത്രമല്ല
പതിനാലു ലോകത്തിൻറെ വൈരൂപ്യ-
നിയോഗത്തെയും

## ശാസ്ത്റപ്പുതുമ

## കംപ്യൂട്ടർ പാപ്പാൻ

ഇടത്താനേ വലത്താനേ എന്നു പാപ്പാൻ പറയുമ്പോൾ ആന അനുസരിക്കുന്നത് കൂട്ടുകാർ കണ്ടിട്ടില്ലേ?എന്നുവച്ചു കംപ്യൂട്ടർ പറഞ്ഞാൽ ഏതെക്ഗിലും ജന്തുക്കൾ അങ്ങനെ ചെയ്യുമോ? അതു സാധ്യമാക്കാൻ തന്നെയാണിപ്പോൾ എൻജിനിയർ മാരുടെ ശ്റമം . ചൈനയിലെ ഷാൻഡങ്ങ് ടെക്നോളജി യൂണിവേഴ്സിറ്റിയിലെ വിദഗദ്ധൻമാരുടെ ലക്ഷ്യം. ജന്തുക്കളെ കംപ്യൂട്ടർ നൽകുന്ന കൽപനകൾ അനുസരിപ്പിക്കുക എന്നതാണ്. ഇലക്ട്റോണിക്സും ,ജീവശാസ്ത്ററവും ,റോബോട്ടിക് ശാസ്ത്റവും കൈകോർക്കുന്ന ഈ ശാസ്ത്രശാഖക്ക് അനിമൽ റോബോർട്ട് റിസർച്ച് എന്നാണ് പറയുന്നത്. വൈദ്യശാസ്ത്ത രംഗത്ത് ഇതിന് അപാരസാധ്യതകളാണുള്ളത്. ജന്തുക്കളുടെ തലച്ചോറിൽ സദാ സംഭവിച്ചുകൊണ്ടിരിക്കുന്ന വൈദ്യുതി തരംഗ പ്റവാഹങ്ങളെ ഇലക്ട്രോണിക് സംവിധാനം വഴി പുറമെനിന്ന് നിയന്ത്രിക്കുന്ന വിദ്യ ഇപ്പോഴാണ് ഉരുത്തിരിയിരിക്കുന്നത്.

ഇന്ന് എലിയെ നാളെ ആനയെ അങ്ങനെ പോയാൽ നമ്മെയും ഈ യന്ത്രം നിയന്ത്രിക്കുമോ?

# വിശ്വം ദീപമയം

മാല്യുള്ളതാണീ മഹിയെന്നുവെച്ച്

മാഴ്കുന്നതെന്തിന്നു മനുഷ്യരേ! നാം?

തൻസ്റഷ്ടിയിൽപ്പെട്ടൊരതിന്നുമീശൻ

സ്ഥാനത്തെ നൽകേണ്ടതു ധർമ്മമല്ലേ?

കൈവിട്ടുപൊയ്പ്പോയ് പകലെന്നുവെച്ച്

കണ്ണീരൊലിപ്പിച്ചൊരു കാര്യമുണ്ടോ?

വരേണ്ടതല്ലേ നിശയും നമുക്ക

വപുസ്സിനത്ഥാനീമുഷസ്സിലേകാൻ?

ഇനൻ പൊലിഞ്ഞാലുഡുപംക്തിയെക്കൊ

ണ്ടൊരുട്ടുതൽക്കാലമകറ്റിയീശൻ

അടഞ്ഞ കൺ നമ്മൾ തുറന്നിടുംമുൻ-

പദ്ദീപമേകുന്നു കൊളുത്തി വീണ്ടും.

വേലയ്ക്കു ദീപപ്റഭയത്റ വേണം

വിശ്റാന്തികൊള്ളുന്നതിനിത്റപോരും
അതായിരിക്കാം പൊരുളാപ്റവൃത്തി-

ക്കജൻ ഹിതം മർത്ത്യനറിഞ്ഞു ചെയ്യോൻ.

വിളക്കു കത്തിപ്പതിനന്തിയായാൽ

മിന്നാമിനുങ്ങും ത്വരയാർന്നിരിക്കേ,

ദീനത്വമെന്തിന്നു നമുക്കുമാത്്റം

തീക്കോലുരയ്ക്കാൻതിരിയിൽക്കൊളുത്താൻ

അല്ലെങ്കിലു സ്വച്ഛവിവേകകദീപ-

മകത്തു കത്തുന്നളവേതു ധീരൻ

വിഷാദമേന്തു, വിധി ദൂരേയെങ്ങോ

വിയത്തിൽ മിന്നിച്ച വിളക്കു കെട്ടാൽ?

ഉണർന്നിടാമെന്നു നിനച്ചുതന്നെ-

യുറങ്ങുവാനോർപ്പതു നമ്മളല്ലാം;

പ്്റാദുർഭവിച്ചാൽ മതി,യമ്മങ്ഹത്താം

പ്്റത്യാശ സർവത്തിലുമൊന്നുപോലെ.

മനസ്സിൽ നൈരാശ്യമഴുന്നവന്നു

മധ്യാഹ്നവും പ്്റത്യഹമർധരാത്്രം

ശുഭം പ്്റതീക്ഷിപ്പവനേതു രാവും

സൂര്യാംശുദീപ്തം പകൽപോലെതന്നെ.

കല്പശാഖി (ഉള്ളൂർ എസ്. പരമേശ്വരയ്യർ)

## Taj Mahal

you knew emperor of india shah Jahan,
That life youth wealth, renown
All float away down the stream of time.
Your only dream
Was to preserve forever your heart's pain he
The harsh thunder of imperial Power
would fade into sleep
Like a sunset's Crimson splendour
but it was Your hope
That at least a single etertally heaved sigh
would stay
To grieve the sky

Though emerakls  nutries
pearls are all But as the
gliter of a rainbows
tricking out empty sir and
must pass away Yet still
one solitary tear would
ltang on the cheek of time
in the form

Of this white and
gleaming TaJ mahal

# ലഹരിയെന്ന ആപത്ത്

മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും വിപത്തുകളെപ്പറ്റി എല്ലാവർക്കും അറിയാമല്ലോ.

ഒരിക്കലും ഈ ആപത്തിൽ പെട്ടുപോകരുതേ!

ശരിയല്ലാത്ത കൂട്ടുകെട്ടും ദുശ്ശീലങ്ങൾ വളർത്തുന്ന സാഹചര്യം ഒഴിവാക്കണം.

മദ്യവും മയക്കുമരുന്നും നിങ്ങളിലെ യഥാർത്ഥ വ്യക്തിത്വത്തെ ഇല്ലാതാക്കും.

കഴിവുകളെ നശിപ്പിക്കും.

സ്നേഹബന്ധങ്ങളും സാമൂഹികബന്ധങ്ങളും ഇല്ലാതാക്കും.

മാതാപിതാക്കളേയും ഉറ്റമിത്രങ്ങയും വെറുപ്പിക്കും.

സമൂഹം അകറ്റിനിർത്തുന്ന ഒരാൾക്ക് നാടിനുവേണ്ടി ഒന്നും ചെയ്യനാവുകയില്ല.


മയക്കുമരുന്നിനെതിരെയുള്ള പ്രവർത്തനത്തിന് നാം മുന്നിട്ടിറങ്ങണം. ചുറ്റുമുള്ള ആരെങ്കിലും തെറ്റായ വഴിയിൽ സഞ്ചരിക്കുന്നുവെന്ന് അറിഞ്ഞാൽ ആ വിവരം അധ്യാപകരോട് പറയാൻ മടിക്കരുത്.

# കരൾ (Liver)




ശരീരത്തിലെത്തുന്ന വിഷവസ്തു നിർവീര്യമാക്കുന്നതിൽ സുപ്രധാനം വഹിക്കുന്നുണ്ട് കരൾ. വിഷവസ്തുക്കളുമായുള്ള വർധിച്ച സമ്പർക്കം കരൾകോശങ്ങളുടെ നശത്തിനു കരണമാകും. എന്നാൽ ശരീരത്തിലെ ഏറ്റവും വലിയ ഗ്രന്ഥിയായ കരളിന് മറ്റ് അവയവങ്ങളെ അപേക്ഷിച്ച് നശിച്ചുപോകുന്ന കോശങ്ങളെ പുനർനിർമിക്കാനുള്ള കഴിവുണ്ട്. കരളിന്റെ പുനരുൽപ്പാദനശേഷിയേക്കാൾ കൂടിയ അളവിൽ കോശങ്ങൾ നശിക്കുന്നത് അന്തിമമായി കരളിന്റെ മൊത്തമായ നാശത്തിലേക്കു നയിക്കും.

## കണക്ക്,കബ്യൂട്ടർ



ഇരുപതാം നൂറ്റാണ്ടിൽ ഭാരതത്തിലെ പ്രസിദ്ധ ഗണിത ശാസ്ത്രജ്ഞനായ'ശ്രീനിവാസ രാമാനുജൻ'തുല്യമായ ഭിന്നസംഖ്യകൾ കണ്ടുപിടിക്കാൻ,മാധവന്റെ മാർഗം പോലെയുള്ള അനേകം രീതികൾ കണ്ടുപിടിച്ചു. ഇവയിൽ ചിലത് കബ്യൂട്ടറിൽ ഉപയോഗിച്ച്, 1989 ൽ നൂറു കോടിയിൽ അധികം ദശാംശ സ്ഥാനങ്ങൾ വരെ കൃത്യമായി കണ്ടുപിടിച്ചു. ഇന്നത് ഏതാണ്ട് 1013 സ്ഥാനങ്ങൾ വരെ-യായിട്ടുണ്ട.



# ബഹിരാകാശഗവേഷണം ഇന്ത്യയിൽ

ഒരു വികസ്വരരാഷ്ട്രം ബഹിരാകാശഗവേഷണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതു സംബന്ധിച്ച് ചോദ്യങ്ങളുന്നയിക്കുന്നവർ ഉണ്ടാവാം പക്ഷേ, നമ്മുക്ക് നമ്മുടെ ലക്ഷ്യങ്ങളെക്കുറിച്ച് സംശയങ്ങളില്ല ചാന്ദ്ര പര്യവേക്ഷണങ്ങളിലോ മനുഷ്യരെ കയറ്റിയ ഉപഗ്രഹങ്ങൾ വിക്ഷേപിക്കുന്നതിലോ സമ്പന്ന രാഷ്ട്രങ്ങളുമായി മത്സരിക്കാനുള്ള ഭ്രമാത്മകതാസങ്കൽപ്പങ്ങളൊന്നും തന്നെ നമുക്കില്ല എന്നാൽ ദേശീയമായും മറ്റു സമൂഹങ്ങൾക്കിടയിലും നിർവ്വഹിക്കാൻ അർത്ഥവത്തായ പങ്ക നിർവഹിക്കാൻ നമുക്കാവണമേങ്കിൽ മനുഷ്യന്റെയും സമൂഹത്തിന്റെയും യഥാർത്ഥ പ്രശ്നങ്ങളിൽ നവീന സാങ്കേതികവിദ്യകൾ പ്രയോഗിക്കുന്നതിൽ നാം മറ്റാരുടെയും പിന്നിലായിക്കൂടാ എന്ന കാര്യം നമുക്ക് ഉത്തമബോധ്യമുള്ളതാണ്

## ഡോ. എ. പി.ജെ. അബ്ദുൽകലാം


1931 ഒക്ടോബർ 15 ന് തമിഴ്നാട്ടിലെ രാമേശ്വരത്ത് .
ജനിച്ച DRDO യിൽ ശാസ്ത്രജ്ഞനായി
തുടക്കംകുറിച്ചുറോക്കറ്റുകൾ രൂപകൽപന ചെയ്തു
20 വർഷം സേവനമനുഷ്ഠിച്ച നമ്മുടെ
രാജ്യത്തിനുംആണവപദ്ധതികൾ
പ്രാവർത്തികമാക്കാൻ കഴിയുമെന്ന്
ലോകത്തിനുമുന്നിൽ തെളിയിച്ച മഹാൻ .അഗ്നി
പ്റഥ്വി തുടങ്ങിയ മധ്യദൂര ബാലറ്റിക്ക്
മിസൈലുകളുടെ നിർമ്മാണത്തിൽ നിർണായക
പങ്കുവഹിച്ച മിസൈൽമാൻ എന്നറിയപ്പെട്ട അദ്ദേഹം
അധ്യാപകൻ ,ശാസ്ത്രജ്ഞൻ, രാഷ്ട്രപതി എന്നീ
നിലകളിൽ തൻറെ പ്രതിഭ തെളിയിച്ചു. പദ്മഭൂഷൻ
ദേശീയോദ്ഗ്രഥനത്തിനുള്ള ഇന്ദിരാഗാന്ധി
പുരസ്കാരംരാമാനുജൻ പുരസ്കാരം തുടങ്ങിയ
നിരവധിപുരസ്കാരങ്ങൾ നേടിയ അദ്ദേഹത്തെ
40 സർവ്വകലാശാലകൾ ഡോക്ടറേറ്റ് ബിരുദം
നൽകിആദരിച്ചു.1997 ൽ ഭാരതരത്നം പുരസ്കാരം
നൽകിരാജ്യം അദ്ദേഹത്തെ
ആദരിച്ചു.വിദ്യാർഥികളുമായിസംവദിക്കുന്നതായിരുന്നു
അദ്ദേഹത്തിന് ഏറ്റവുംവലിയ സന്തോഷം.

# അണിയറ ശിൽപികൾ



# അണിയറ ശിൽപികൾ





















# TECHGYAN




# THANKS...

